ലേഖനം നമ്പർ - 16

# വിശുദ്ധ കുർബ്ബാന - ലഘുവ്യാഖ്യാനം

### അനാഫോറ :

ഇവിടെയാണ് വിശ്വാസികൾക്കു മാത്രം സംബന്ധിക്കുവാൻ അനുവാദമുള്ള വി. കുർബ്ബാനയുടെ ഒന്നാം ഭാഗം ആരംഭിക്കുന്നത്. അനാഫോറാ എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം കാഴ്ചയർപ്പിക്കുക , കൃതജ്ഞത പ്രകാശിപ്പിക്കുക എന്നൊക്കെയാണ്. വി. കുർബ്ബാന വിശ്വാസികളുടെ കൃതജ്ഞത പ്രകാശനമാണല്ലോ. യാചിക്കേണ്ടും സമയമിതാ എന്ന ഗാനം പൂർത്തിയായാലുടൻ ശുശ്രൂഷകൻ സ്തൗമൻ കാലോസ് എന്ന് ഉച്ചത്തിൽ ചൊല്ലുന്നു. ഇതിന്റെ അർത്ഥം വിശ്വാസികൾ ഭംഗിയായി നിൽക്കണമെന്നാണ് . ഇതിനു മറുപടിയായി വിശ്വാസികൾ കർത്താവേ ഞങ്ങളോടു കരുണ തോന്നേണമേ എന്നർത്ഥമുള്ള കുറിയേ ലായിസ്സോൻ എന്നു ചൊല്ലുന്നു.

സമാധാനത്തിനുള്ള പ്രാർത്ഥന : തുടർന്ന് പട്ടക്കാരൻ പദവിമേൽ (ദർഗ്ഗായിൽ) ഇടതുകാൽവച്ച് കയറി, സമാധാനത്തിനുള്ള പ്രാർത്ഥന നടത്തുന്നു. കൂടാതെ ദർഗ്ഗയിൽ കയറുന്നതുവരെ, പുരോഹിതൻ തിനിക്കുവേണ്ടിയും, ജനങ്ങൾക്കുവേണ്ടിയും, സൃഷ്ടിമുഴുവനും വേണ്ടിയും പുത്രനോട് പ്രാർത്ഥിക്കുന്നു. ദർഗ്ഗയിൽ കയറുന്നതു മുതൽ പുരോഹിതൻ ക്രിസ്തുവിന്റെ സ്ഥാനപതിയായി നിന്നുകൊണ്ട് പിതാവിനോട് പ്രാർത്ഥിക്കുന്നു. നിനക്കും, നിന്റെ ഏകജാതനും...... .

ഈ പ്രാർത്ഥനയ്ക്കു മറുപടിയായി ജനം ആമീൻ എന്നു പറയുന്നു. തുടർന്ന് പട്ടക്കാരൻ നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ എന്നാശംസിക്കുന്നു. സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചുപോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത് ഭ്രമിക്കയുമരുത് . ഈ ക്രിസ്തു വചനങ്ങളുടെ ഓർമ്മയ്ക്കായാണ് ക്രിസ്തുവിന്റെ പ്രതിനിധിയായ പട്ടക്കാരൻ സമാധാനം നൽകുന്നത്. ദൈവത്തിൽ നിന്നു ലഭിച്ച ഈ സമാധാനം ഓരോരുത്തരും അവനവന്റെ അടുത്തവനു തമ്മിൽ തമ്മിൽ നൽകണമെന്ന് ശുശ്രൂഷകൻ ആഹ്വാനം ചെയ്യുന്നു. പട്ടക്കാരൻ ശോശപ്പായുടെ തെക്കുവശത്തെ കോണ് ഉയർത്തി അവിടെ മുത്തിയ ശേഷം ശുശ്രൂഷക്കാരനും അവിടെ തന്നെ മുത്തുന്നു. പിന്നീട് ധൂപക്കുറ്റിയുടെ ചങ്ങലപിടിച്ച് പട്ടക്കാരൻ സ്വയം മുത്തിയ ശേഷം ശുശ്രൂഷകന്റെ നെറ്റിയിൽ ചങ്ങലകളെ പിടിച്ച് കുരിശ് വരച്ച് കൊടുക്കുന്നു. ശുശ്രൂഷകൻ വീണ്ടും ത്രോണോസ്, കാപ്പാ മുത്തിയ ശേഷം ശോശപ്പായുടെ വലത്തുഭാഗത്തും മുത്തുന്നു. അതിനുശേഷം മദ്ബഹായിലുള്ളവർക്കും, ജനത്തിനും സമാധാനം നൽകുന്നു. സമാധാന ചുംബനത്തിനു ശേഷം പട്ടക്കാരനും ജനവും എല്ലാം ഒരേ ആത്മാവിൽ സംയോജിക്കപ്പെട്ട് ഒരുമിച്ചു ചേർന്ന് കുർബ്ബാന അർപ്പിക്കുന്നു. സഹോദരനുമായി നിരപ്പായശേഷം മാത്രമേ ബലിയർപ്പിക്കാവൂ എന്ന കർതൃകൽപ്പന പാലിക്കപ്പെടാനാണ് പ്രധാന ഭാഗത്തിന്റെ ആരംഭത്തിൽ തന്നെ പരസ്പരം സമാധാനം നൽകുന്നത്. ആദ്യം ദൈവവും മനുഷ്യനും തമ്മിൽ നിരപ്പാവണം എന്നതിന്റെ സൂചനയായി മദ്ബഹായിൽ നിന്ന് പട്ടക്കാരൻ ശുശ്രൂഷകന് സമാധാനം കൊടുക്കുന്നു. പിന്നീട് മനുഷ്യനും മനുഷ്യനും തമ്മിൽ നിരപ്പാവണമെന്നതിന്റെ സൂചനയായി ശുശ്രൂഷകൻ വിശ്വാസികൾക്കും, വിശ്വാസികൾ പരസ്പരവും സമാധാനം കൈമാറുന്നു. ധൂപക്കുറ്റിയും, സമാധാനത്തിന്റെ പ്രതീകമായ കൂപ്പുകൈകളും ചേർത്ത് സമാധാനം നൽകുമ്പോൾ സഭയും, വിശ്വാസികളും തമ്മിൽ ഐകതപ്പെട്ടു എന്നുള്ള സന്ദേശവും നൽകുന്നു.

ശുശ്രൂഷകൻ നമ്മുടെ ദൈവമായ കർത്താവിന്റെ സ്നേഹം മൂലം പരിശുദ്ധവും ദിവ്യവുമായ ചുംബനത്താൽ ഓരോരുത്തനും അവനവന്റെ അടുത്തവന് തമ്മിൽ തമ്മിൽ സമാധാനം കൊടുക്കണം എന്ന് ഉത്ഘോഷിക്കുന്നു.

ജനങ്ങൾ പ്രതിവാക്യമായി ദൈവമായ കർത്താവേ, ഞങ്ങളുടെ ആയുഷ്കാലം മുഴുവനും ഈ സമാധാനത്തിന് ഞങ്ങളെ യോഗ്യരാക്കണമേ എന്നു പറയുന്നു. തുടർന്ന് അന്യോന്യം ശ്ലോമോ നൽകുവിൻ എന്ന ഗീതം ആലപിക്കുന്നു. കൊടുക്കപ്പെട്ടിരിക്കുന്ന പരിശുദ്ധവും ദിവ്യവുമായ സമാധാനത്തിനു ശേഷം കർത്താവിന്റെ മുമ്പാകെ നാം തലകുനിക്കണം. സമാധാന ചുംബനത്തിന്റെ ശുശ്രൂഷ ജനത്തെ പരസ്പരം രഞ്ജിപ്പിക്കുകയും ദൈവത്തിൽ നിന്നും സമാധാനത്തിന്റെ ദാനം അവർ സ്വീകരിക്കുകയും ചെയ്യുന്നു. അതിനുവേണ്ടി അവർ ഭക്തിപൂർവ്വം ദൈവമുമ്പാകെ തലകുനിക്കുന്നു. ഞങ്ങളുടെ കർത്താവും ദൈവവുമേ നിന്റെ തിരുമുമ്പാകെ ഞങ്ങൾ തലകുനിക്കുന്നു. എന്നു പറയുകയും ചെയ്യുന്നു. ജനങ്ങൾ തലകുനിച്ചു നിൽക്കുമ്പോൾ പുരോഹിതൻ ജനത്തിന് അനുഗ്രഹം ലഭിക്കുവാനായി പ്രത്യേകം പ്രാർത്ഥിക്കുകയും, പ്രാർത്ഥനയുടെ അവസാനം ജനങ്ങൾ ആമ്മീൻ പറയുന്നതുവരെ തലകുനിച്ചു നിൽക്കയും പട്ടക്കാരൻ ആശീർവദിക്കുകയും, യാചിക്കുകയും ചെയ്യുന്ന അനുഗ്രഹങ്ങൾ എന്റെ മേൽ ചൊരിയേണമെന്ന് പ്രാർത്ഥിക്കയും വേണം.

*(തുടരും...)* ■

*അഭി. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ*
*ഫാ. പി. ഐ. വർഗ്ഗീസ്, ഫാ. കെ. വൈ. ചാക്കോ, ഫാ. ജിജു വർഗ്ഗീസ് എന്നിവർ തയ്യാറാക്കിയത്.*

Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design&Lay-out : dittografix, printed at Geo print shop, Ernakulam
**Website: www.stmarysorthodoxcathedralekm.org Email: georgekaithayil @yahoo.com For Private Circulation only**
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490**






# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 8 ● ISSUE : 8 *For all those great people... Who fought for the nation... Here we pay our salute* AUGUST 2014




## എഡിറ്റോറിയൽ

## നമ്മുടെ നിക്ഷേപം

നമ്മുടെ നിക്ഷേപമിരിക്കുന്നിടത്ത് നമ്മുടെ ഹൃദയവും ഇരിക്കും എന്ന് കർത്താവ് പറഞ്ഞിട്ടുണ്ടല്ലൊ. ഒരിക്കൽ ഒരു കവി പാടിയതിന്റെ പൊരുൾ ഇപ്രകാരമാണ്. വളരെ കുറച്ചു നാളുകൾ തങ്ങാൻ വന്ന വഴിയമ്പലത്തിൽ സുന്ദരമായ വലിയ വീടുകൾ പണിയുകയാണ് നമ്മിൽ പലരും ചെയ്യുന്നത്. നാം അതിന് മുതിരാതെ നിത്യതയിലേക്ക് മുതൽ കൂട്ടാൻ ശ്രമിച്ചു കൂടേ എന്ന് ചോദിക്കുന്നു.

ഒരിക്കൽ ഒരു ക്രിസ്തീയ യുവതി തന്റെ അപ്പന്റെ പ്രായം ചെന്ന സുഹൃത്തിനെ സന്ദർശിക്കയായിരുന്നു. വളരെ സമ്പന്നനും എല്ലാവരാലും അറിയപ്പെടുന്നവനുമായ ആ സുഹൃത്ത് വളരെ ദുഃഖിതനായാണ് കാണപ്പെട്ടിരുന്നത്. വലിയ സാമ്പത്തിക ശേഷിയില്ലാത്ത യുവതിയുടെ പിതാവിനെ ശരിക്കറിയാവുന്ന സുഹൃത്ത് യുവതിയോട് ഇപ്രകാരം ചോദിച്ചു– നിങ്ങളുടെ അപ്പന്റെ സന്തോഷകരമായ വാർദ്ധക്യത്തിനും, എന്റെ സമാധാനവും സന്തോഷവും ഇല്ലാത്ത അവസ്ഥയ്ക്കും കാരണമറിയുമോ? യുവതിയുടെ നിശ്ശബ്ദത ഭേദിച്ചുകൊണ്ട് സുഹൃത്ത് പറഞ്ഞു, കാരണം വളരെ നിസ്സാരമാണ്. നിങ്ങളുടെ പിതാവ് നിക്ഷേപം കൂട്ടിവച്ചിരിക്കുന്ന നിത്യതയിലേക്കു പോകുമ്പോൾ ഞാൻ എന്റെ സകല നിക്ഷേപങ്ങളും വിട്ടിട്ടാണ് പോകുന്നത്. അവസാനകാലത്ത് പലരുടെയും അസ്വസ്ഥതയ്ക്ക് കാരണം കവി പാടിയതുപോലെ നമ്മുടെ നിക്ഷേപം നമ്മുടെ താത്കാലിക വാസസ്ഥലത്ത് ഉപേക്ഷിച്ചു പോകേണ്ടി വരുമല്ലൊ എന്നോർത്തിട്ടാണ്.

യേശുക്രിസ്തു പഠിപ്പിച്ചിട്ടുള്ള നല്ല പ്രവൃത്തികൾ ചെയ്തു ശീലിച്ചാൽ നമുക്ക് നിരാശപ്പെടാതെ നമ്മുടെ നിക്ഷേപമുള്ളിടത്തേക്കു തന്നെ പോകുവാൻ സാധിക്കും. വൈസ്രോയിമാർ ഇന്ത്യ ഭരിച്ചിരുന്ന കാലത്തെ മിഷനറിമാരെക്കുറിച്ച് ഒരു കഥയുണ്ട്. എന്തെങ്കിലും ആവശ്യങ്ങൾക്ക് വൈസ്രോയിമാർ തങ്ങളുടെ പട്ടണം സന്ദർശിച്ചാൽ, വൈസ്രോയിമാരുടെ താമസത്തിനായി തങ്ങളുടെ വാസസ്ഥലം അവർ ഒഴിഞ്ഞു കൊടുത്തിരുന്നു. അവരുടെ ഏറ്റവും വലിയ നിക്ഷേപമായ വാസസ്ഥലം ഒഴിഞ്ഞു കൊടുക്കുന്നതിനു പകരമായി വൈസ്രോയിമാർ ആദ്യം ചെയ്തിരുന്നത് അവരെ വിളിച്ച് കൂടെ താമസിപ്പിക്കുകയായിരുന്നു. അത്രയും വലിയ ഒരു പദവി അവർക്കു ലഭിച്ചിരുന്നത് അവർ അവരുടെ വാസസ്ഥലം വിട്ടുകൊടുത്തതിനുള്ള പ്രതിഫലമായിരുന്നു. നാമും ചെയ്യേണ്ടത് ആ മിഷനറിമാരെപ്പോലെയാണ്. നമ്മുടെ ഏറ്റവും പ്രിയപ്പെട്ട നിക്ഷേപം ലോകത്തിനായി സൂക്ഷിക്കാതെ ദൈവത്തിനായി സമർപ്പിക്കണം. നമുക്കതു സാധിച്ചാൽ നമ്മുടെ ഹൃദയവും നമ്മുടെ നിക്ഷേപവും മനുഷ്യനന്മയ്ക്കായി ദൈവം രൂപാന്തരപ്പെടുത്തി ഉപയോഗിക്കും. അതിനായിരിക്കണം നമ്മുടെ ആഗ്രഹം. അതിലായിരിക്കണം നമ്മുടെ സന്തോഷം. ■

## ഇടയ ലേഖനം

## സ്വാതന്ത്ര്യത്തിന്റെ പൊരുൾ

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



ഭാരതത്തിന്റെ സ്വാതന്ത്ര്യനാൾ, വി. ദൈവമാതാവിന്റെ നിദ്രാ (Dormition) ദിനമാണ്. സ്വാതന്ത്ര്യവും വാങ്ങിപ്പുമായി എന്തു ബന്ധം?

ശരീരബന്ധനത്തിൽ നിന്നും വിമുക്തയായി എന്നതു പരമാർത്ഥമാണ്. അതു ബന്ധനമായിരുന്നു എന്നു തിരിച്ചറിയുന്നവരാണ് യോഗികളും, ജ്ഞാനികളും. ഭൗതിക സാഹചര്യങ്ങളിൽ ഉല്ലസിക്കുന്നവർക്ക് അതു ബന്ധനമായി തോന്നാറില്ല– പ്രത്യേകിച്ചും എന്തെങ്കിലും "അത്യാഹിതം" സംഭവിക്കുന്നതുവരെ. കൂട്ടിലടയ്ക്കപ്പെട്ട കിളി, ബന്ധനവിമുക്തി നേടി, വിഹായസിലേക്കു പറന്നുയരുന്നതുപോലെയാണ് ആത്മാവ് "ജീവന്മുക്തി" നേടുന്നതെന്ന് ശാസ്ത്രങ്ങൾ പഠിപ്പിക്കുന്നു. ദേഹം വെടിയൽ അവിടെ ഒരു സുപ്രധാന സംഭവമല്ല. വി. മറിയാമിനെ ആദിമ സഭ എല്ലാവരുടെയും അമ്മയായി കരുതി ആദരിച്ചിരുന്നു. കാരണം സ്വർഗ്ഗീയ രാജാവിനെ സ്വഗർഭത്തിൽ സ്വീകരിക്കാനും, ജന്മം നൽകി വളർത്താനും വിളിയും ഭാഗ്യവും ലഭിച്ച അമ്മയാണിത്.

ഈ അമ്മയ്ക്ക് സ്വാതന്ത്ര്യം എന്തുമാത്രമുണ്ടായിരുന്നു. മനസ്സിൽ തോന്നുന്നതും, സാഹചര്യങ്ങൾ പ്രേരിപ്പിക്കുന്നതെല്ലാം ചെയ്യുന്നതിനെ "സ്വാതന്ത്ര്യം" എന്നു വിളിക്കുന്നതിന്റെ അപകടം ഇന്ന് ലോകമെമ്പാടും ദൃശ്യമാണ്. സ്വന്തജീവിതത്തെ നേരെ നോക്കി നടത്താൻ ദൈവത്തെ ഭരമേൽപ്പിക്കുകയും, അവിടുത്തെ കല്പനകളും താൽപര്യങ്ങളും മനസ്സിലാക്കി, അതിൻപ്രകാരം കീഴടങ്ങി ജീവിക്കുകയും ചെയ്യുന്നതാണ് വാസ്തവത്തിൽ "സ്വാതന്ത്ര്യം". ഈ പാഠം ഗ്രഹിക്കുന്നതിൽ ആദിമാതാപിതാക്കൾ പരാജയമടഞ്ഞതിന്റെ കഥയാണ് മനുഷ്യചരിത്രം. അതിനൊരു തിരുത്തലാണ് ദൈവപുത്രന്റെ മനുഷ്യാവതാരവും രക്ഷാകര പ്രവർത്തനങ്ങളും.

വി. മറിയാമിന്റെ ഉത്തുംഗവും ശ്ലാഘനീയവുമായ സ്വാതന്ത്ര്യം ഏറ്റം പ്രകടമാകുന്ന രംഗം "അറിയിപ്പാ"ണ്. സ്വാതന്ത്ര്യത്തിന്റെ കൊടുമുടിയിൽ നിന്നുകൊണ്ട്, ദൈവനിയോഗത്തിന് സ്വയം ഭരമേൽപ്പിക്കുന്നതാണ് ഈ സ്വാതന്ത്ര്യത്തിന്റെ പ്രത്യക്ഷ ലക്ഷണം. "കീഴടക്കം" എന്ന് ഇതിനെ വ്യവഹരിക്കാം. കീഴടക്കം സ്വാതന്ത്ര്യമാകുന്നത് ലോകത്തിന്റെ വിലയിരുത്തലിൽ അചിന്ത്യമത്രെ, ഇവിടെ ഒരു വ്യത്യാസമുണ്ട്, കീഴടങ്ങുന്നത് ദൈവത്തിനാകയാൽ, അവിടെ സ്വാതന്ത്ര്യം മുളപൊട്ടുന്നു. തീരുമാനമെടുക്കാനും, തെരഞ്ഞെടുക്കാനും മനുഷ്യനും സ്വാതന്ത്ര്യമുണ്ട്. അതിൽ ദൈവം ആരെയും നിർബന്ധിക്കാറില്ല. സ്വയേച്ഛപ്രകാരം മനുഷ്യൻ തീരുമാനിക്കാൻ ദൈവം അനുവദിച്ചിരിക്കുന്നു.

വി. മറിയാം അത്തരമൊരു തീരുമാനമെടുത്തു, സ്വതന്ത്രമായി. അമ്മയുടെ ജീവിതത്തിലെയും മനുഷ്യരാശിയുടെ ചരിത്രത്തിലെയും സുവർണ്ണനിമിഷമാണിത്. അത് നമുക്കും സ്വാതന്ത്ര്യ ദിനമായിരിക്കുന്നു.

രാഷ്ട്രീയ–ഭൗതീക സ്വാതന്ത്ര്യത്തിന് പരിമിതികളേറെയാണ്. എങ്കിലും രാജ്യത്തിനു വേണ്ടി പ്രാർത്ഥിക്കുവാനും, നീതിനിഷ്ഠമായ സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുവാനും ഇന്ത്യൻ സ്വാതന്ത്ര്യ ദിനം നമ്മെ ആഹ്വാനം ചെയ്യുന്നു. ദൈവം നമ്മുടെ നാടിനെ അനുഗ്രഹിക്കട്ടെ. ■

## വികാരിയുടെ കത്ത്

# മറുരൂപം, വാങ്ങിപ്പ്, സ്വാതന്ത്ര്യം



**ഫാ. അലക്സ് പി. ജോർജ്ജ്**

മൂന്നു സംഭവങ്ങളാണ് ഓഗസ്റ്റ് മാസത്തിൽ നാം ഓർക്കുന്നത്, 1. കൂടാരപ്പെരുന്നാൾ (ഓഗസ്റ്റ്–6), 2. ദൈവമാതാവിന്റെ വാങ്ങിപ്പ്, 3. ഭാരതത്തിന്റെ സ്വാതന്ത്ര്യ ദിനം (ഓഗസ്റ്റ്–15)

1. കൂടാരപ്പെരുന്നാൾ: മറുരൂപമലയിലെ ദിവ്യാനുഭവങ്ങൾ ഒരിക്കൽ കൂടി ഓർക്കുന്ന ദിവസം. ആത്മീയരും, ഭൗതീകരുമായ 6 വ്യക്തികൾ മാത്രം സാക്ഷികളായ സംഭവം. മോശയും, ഏലിയാവും നൂറ്റാണ്ടുകൾക്ക മുമ്പേ വാങ്ങിപ്പോയ മനുഷ്യരായിരുന്നു. കർത്താവിന്റെ ശരീരമാണ് മലമുകളിൽ രൂപാന്തരം പ്രാപിച്ചത്. പത്രോസ്, യാക്കോബ്, യോഹന്നാൻ, എന്നിവർക്ക് തികച്ചും അപരിചിതമായ അനുഭവം. അലൗകീകമായ ആ അനുഭവത്തിന് ശേഷം എന്ത് ചെയ്യണമെന്ന് ശിഷ്യഗണ പ്രതിനിധികൽക്ക് അറിവില്ല. അതുകൊണ്ടാണ് പത്രോസ് മലമുകളിൽ കുടിലുകൾ നിർമ്മിച്ച് അവിടെ വസിക്കാം എന്ന് പറഞ്ഞത്. ദൈവാനുഭവത്തിന്റെ ഉത്തുംഗശൃംഗത്തിൽ എത്തിയ മനുഷ്യൻ കുടിലുകൾക്കുള്ളിൽ മറഞ്ഞിരിക്കേണ്ടവനല്ല. അതിരുകളെ ഭേദിക്കേണ്ടവനാണ്. വിശാലമായ ലോകമാണ് ഇവരെ കാത്തിരിക്കുന്നത്. രൂപാന്തരീകരണത്തിന് ശേഷം യേശു മലമുകളിൽ നിന്ന് താഴ്‌വരയിലേക്ക് ഇറങ്ങിയത് ഇക്കാരണത്താലാണ്. തേജസ്വികളായ മനുഷ്യർക്ക് ലോകത്തിനുവേണ്ടി ചിന്തിക്കുവാനും, പറയുവാനും, പ്രവർത്തിക്കുവാനുമുണ്ട്. ഈ മനുഷ്യർ ഒരിക്കലും നിശബ്ദരും, അലസരുമായിരിക്കില്ല. എല്ലാ വിശ്വാസികൾക്കും ഈ തത്വം ബാധകമാണ്. ദൈവീക കൃപകളെ സ്വീകരിച്ചിട്ട് നിർജീവരായിരിക്കരുത്, വിശാലമായ പ്രവർത്തന മേഖല നമ്മുടെ മുമ്പിലുണ്ട്. ക്രിസ്തു മൊഴി ഓർക്കുക "കൊയ്ത് വളരെയുണ്ട്, വേലക്കാരോ ചുരുക്കം".

2. ദൈവമാതാവിന്റെ വാങ്ങിപ്പ്: വിശുദ്ധരുടെ സംഘത്തിന്റെ തലയാണ് കന്യകമറിയാം. തന്റെ പേരിന്റെ അർത്ഥം "കയ്പ്" എന്നാണെങ്കിലും, ദൈവസാമീപ്യത്താൽ ജീവിതം മധുരമാക്കുവാൻ കന്യകമറിയാമിനു കഴിഞ്ഞു. ദൈവകല്പന സ്വീകരിച്ചു എന്നതാണ് മറിയാമിന്റെ മഹത്വം. ദൈവകല്പനയ്ക്ക് വിധേയപ്പെട്ടതോടെ മറിയാം ലോകപ്രകാരമുള്ള അപവാദങ്ങളേയും സ്വീകരിക്കേണ്ടി വന്നു. വിവാഹം കഴിക്കാതെ ഗർഭിണിയാവുക എന്നതിൽ പരം അപമാനം ഒരു പെൺകുട്ടിക്ക് സംഭവിക്കാനില്ല. ദൈവത്തിന്റെ പദ്ധതി നിറവേറ്റുവാൻ സ്വന്തം മാനം വിൽക്കുവാൻ നാം തയ്യാറാണോ? സൃഷ്ടി മുഴുവന്റേയും രക്ഷയ്ക്കു വേണ്ടി സ്വന്തം സൽപേര് കളയുവാൻ നാം തയ്യാറാണോ? സ്വന്തം പ്രതിച്ഛായ ഊതിപ്പെരുപ്പിക്കുന്ന ഇക്കാലത്തിനാണ് അപരിചിതവും, അചിന്തനീയവുമാണ് ഈ ചോദ്യങ്ങൾ. ദൈവപദ്ധതിയുടെ വിജയത്തിനുവേണ്ടി സ്വന്തം മാനം ചവറായി കരുതിയ ഒരു സ്ത്രീ സ്വർഗ്ഗോന്നതങ്ങളിൽ എത്തിയത് ഓർക്കുന്ന ദിനമാണിന്ന്. നാം നമുക്കു ചുറ്റും നിർമ്മിക്കുന്ന താല്ക്കാലിക സൗധങ്ങളെ തകർക്കുക, ദൈവം നൽകിയ സ്വരൂപസാദൃശ്യങ്ങളെ വളർത്തുക.

ഈ ദിവസം ഭാരതത്തിന്റെ സ്വാതന്ത്ര്യ ദിവസം കൂടിയാണല്ലോ. അടിമത്വത്തിൽ നിന്ന് നാം മോചനം പ്രാപിച്ച ദിവസം. സാമ്രാജ്യങ്ങൾ ഉദിക്കുകയും, അസ്തമിക്കുകയും ചെയ്യുന്നത് പലകുറി നാം കണ്ടുകഴിഞ്ഞു. അധികാരസ്ഥാനങ്ങൾ ഒന്നും സ്ഥിരമല്ലെന്ന് തിരിച്ചറിയുക. ആർക്കും ആരെയും സ്ഥിരമായി നിയന്ത്രിക്കുവാൻ സാധിക്കില്ല.

അധികാരവർഗ്ഗങ്ങൾ പുതിയരൂപത്തിൽ അസ്വാതന്ത്ര്യം സൃഷ്ടിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. ആയുധങ്ങളല്ല ഇന്ന് യുദ്ധങ്ങൾ നിയന്ത്രിക്കുന്നത്. പുതിയ യുദ്ധങ്ങളിൽ തകർക്കപ്പെടുന്നത് സംസ്കാരങ്ങളും, ഭാഷകളും, ജീവിതശൈലികളുമാണ്. പുതിയ കാലത്തിന്റെ ജീവിതസന്തോഷങ്ങൾ എന്നു നാം കരുതുന്ന പലതും സാമ്രാജ്യത്വത്തിന്റെ പുത്തൻഭാവങ്ങളാണ്. ദുഃഖത്തിനു പകരം സുഖം തന്ന് അടിമത്വത്തിലേക്കു നയിക്കുന്ന പുത്തൻ യുദ്ധതന്ത്രങ്ങളാണ് ഇന്നിന്റേത്. കുഴലൂത്തുകാരന്റെ പാട്ടുകേട്ട് അനുഗമിച്ച എലിക്കൂട്ടം ഗുഹയിൽ അകപ്പെട്ടതുപോലെയാണ് പുതിയ അടിമകൾ. സാമ്രാജ്യശക്തികൾ സുഖജീവിതത്തിന്റെ പാട്ടുപാടും. അടിമകളാകുവാൻ വിധിക്കപ്പെട്ടവർ പുറകെകൂടി അടിമത്വത്തിന്റെ ഗുഹയിൽ അകപ്പെടും. കവിവചനം ഓർക്കുക– "പാരതന്ത്ര്യം മാനികൾക്ക് സ്മൃതിയേക്കാൾ ഭയാനകം". ■

## കുടുംബ വിശേഷങ്ങൾ

### മാമോദീസ

പനമ്പിള്ളിനഗർ ചെറുകര ശ്രീ. ജോൺ തോമസിന്റെയും ശ്രീമതി മിനു ലിസ് ഏബ്രഹാമിന്റെയും മകൾ **അന്ന** (Evelyn Ann John) 12.07.2014–ൽ മാമോദീസാ സ്വീകരിച്ചു.

പാലാരിവട്ടം തുമ്പുങ്കൽ ശ്രീ. ബിനോ ബോസിന്റെയും ശ്രീമതി മെറിയ പ്രിൻസിന്റെയും മകൾ **ഹന്ന** 20.07.2014–ൽ മാമോദീസാ സ്വീകരിച്ചു.

കോമ്പാറ ലിങ്ക്മാനർ ആശാരിയത്ത് ശ്രീ. അജീഷ് കുര്യൻ വറുഗീസിന്റെയും ശ്രീമതി അൻപു സൂസൻ വറുഗീസിന്റെയും മകൻ **ഗീവർഗീസ്സ്** 27.07.2014–ൽ മാമോദീസാ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*

### വി. കുർബ്ബാനസമയം

**എളംകുളം ചാപ്പൽ :**

Aug.10 - 10.30 a.m., Aug.17 - 7.00 a .m.,
Aug. 24 - 10.30 a.m., Aug.31 - 7.00 a.m.

**സെമിത്തേരിമുക്ക് ചാപ്പൽ :**

Aug. 10 - 7.30 a.m., Aug. 24 - 7.30 a.m.
എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 a.m

### പ്രാർത്ഥനായോഗം

| | |
|---|---|
| St. George Unit (Kaloor Area)<br>03.08.2014 (4.00 PM) - | Abraham Joseph<br>ACSRA-19A, 1st Floor<br>Sankar Apartment<br>ACS School Road<br>Ph: 9847235838 |
| St. Mary's Unit (Central Area)<br>10.08.2014 | Sarasu Joseph<br>Pooppallil (H), Opp. YWCA<br>Ph: 2370455, 9895813483 |
| St. Thomas Unit (North Area)<br>17.08.2014 | P.T. George<br>Purathoor (H), Market Road<br>North End<br>Ph: 2390473 |
| St. Gregorios Unit (Elamkulam, Kadavanthra)<br>24.08.2014 | Daniel Oommen<br>Mannil (H),<br>KP Vallon Road, Kadavanthra<br>Ph: 9446396033 |

**ആഗസ്റ്റ് 31 ഞായർ 4.00 p.m. - 5.00 p.m. സംയുക്ത പ്രാർത്ഥനായോഗം കത്തീഡ്രലിൽ നടത്തുന്നതാണ്.**





## സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഫാമിലി അസ്സോസിയേഷൻ








സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഫാമിലി അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ 26.07.2014, ചർച്ച് പാരിഷ് ഹാളിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ ഡോ. വി.പി. ഗംഗാധരൻ **Cancer and Health** എന്ന വിഷയത്തെപ്പറ്റി പ്രഭാഷണം നടത്തി.
റവ. ഫാ. ഒ.വി. ഏലിയാസ് അച്ചന്റെ പ്രാർത്ഥനയോടുകൂടി യോഗം ആരംഭിച്ചു. മലങ്കര ഓർത്തഡോക്സ് സഭയുടെ ബഥാന്യ അവാർഡിന് അർഹനായ ഡോ. വി.പി. ഗംഗാധരനെ അസ്സോസിയേഷൻ പ്രസിഡന്റ് ശ്രീ. ബാബു മാത്യു അനുമോദിച്ചു. റവ.ഫാ. പി.ഐ. വർഗീസ് സ്വാഗതവും, ഫാ. ഒ.ജെ. ജേക്കബ് ആശംസാപ്രസംഗവും ഫാ. അലക്സ് പി. ജോർജ്ജ് കൃതജ്ഞതയും പറഞ്ഞു. അസ്സോസിയേഷൻ വൈസ് പ്രസിഡന്റ് ശ്രീമതി മായാ മാത്യു ഉപഹാരം സമർപ്പിച്ചു. ഈ ഇടവകയിലെ 350 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.

## ജോസഫ് മാർ പക്കോമിയോസ് മെമ്മോറിയൽ ഫണ്ട്

### സ്നേഹനിധി




*നമ്മുടെ ഇടവകയുടെ വികാരിയായിരുന്ന, കാലം ചെയ്ത അഭി. ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ സ്മരണാർത്ഥം, കൊച്ചി, കണ്ടനാട് ഈസ്റ്റ് & വെസ്റ്റ്, അങ്കമാലി എന്നീ ഭദ്രാസനങ്ങളിലെ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണ് സ്നേഹനിധി. കഴിഞ്ഞ വർഷം 99 വിദ്യാർത്ഥികൾക്ക് 9.60 ലക്ഷം രൂപ നൽകി. ഈ വർഷം ഓഗസ്റ്റ് 24–ാം തീയതിയാണ് സ്നേഹനിധി വിതരണം ചെയ്യുന്നത്. ഇടവക മെത്രാപ്പോലീത്തായും, ഭദ്രാസന മെത്രാപ്പോലീത്താമാരും സന്നിഹിതരാകുന്നതാണ്. ബഹു. കുര്യാക്കോസ് പോത്താറ കോർ. എപ്പിസ്ക്കോപ്പാ, അനുസ്മരണപ്രഭാഷണം നടത്തും. ഇടവകാംഗങ്ങളുടെ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.*

## OCYM News



*എറണാകുളം ജനറൽ ആശുപത്രി, കളമശ്ശേരി ഗവ. മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിലെ ഡയാലിസിസ് യൂണിറ്റുകൾക്ക് "ആർദ്രത റിലീഫ് സെന്റർ"മാസം തോറും നൽകാറുള്ള സഹായധനം, ഫാ ജോബ് ഡേവിസ് ആശുപത്രി സൂപ്രണ്ടിന് കൈമാറുന്നു. ശ്രീ. ജിതിൻ കോശി, ശ്രീ. സാബു ചെറിയാൻ എന്നിവർ സമീപം.*

***നമ്മുടെ ഇടവകകളിൽപെട്ട സാമ്പത്തിക ശേഷി കുറഞ്ഞ, ഡയാലിസിസ് ആവശ്യമുള്ള രോഗികൾക്ക് ആർദ്രത റിലീഫ് സെന്ററിനെ സമീപിക്കാവുന്നതാണ്.***

## ശില്പിയെ തേടി വന്ന മരണം

അഹന്ത : വിശ്വശില്പിയെ മരണം തേടി വന്നു. അതിൽ നിന്നു രക്ഷപ്പെടാനായി ശില്പി തന്നെപ്പോലെ തന്നെ പന്ത്രണ്ടു ശില്പങ്ങൾ നിർമ്മിച്ചു. എല്ലാം ഒരുപോലെ. അതിന്റെ കൂടെ ശില്പിയും കയറി നിന്നു. മരണത്തിന് ശരിക്കുള്ള ശില്പിയെ തിരിച്ചറിയാൻ കഴിയാതെ തിരിച്ചുപോകുവാൻ തീരുമാനിച്ചു. തിരിഞ്ഞു നടന്ന മരണം പറഞ്ഞു : ഈ ശില്പങ്ങളിൽ എന്തെങ്കിലും ഒരു കുറവു കാണാതിരിക്കില്ലല്ലോ എന്ന്. അഹങ്കാരിയായ ശില്പിക്ക് അതു സഹിച്ചില്ല. "എന്തു കുറവ്?" എന്ന ചോദ്യം ശില്പിയിൽ നിന്നുയർന്നു. മരണത്തിന് അതു മതിയായിരുന്നു. P. ■

### വിശേഷ ദിവസങ്ങൾ

**ഓഗസ്റ്റ്**

| | |
|---|---|
| 06 ബുധൻ | മറുരൂപപെരുന്നാൾ<br>അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ഓർമ്മ (പെരുനാട് ബഥനി) |
| 15 വെള്ളി | പതിനഞ്ചു നോമ്പു വീടൽ, വി. ദൈവ മാതാവിന്റെ വാങ്ങിപ്പുപെരുന്നാൾ |
| 19 ചൊവ്വ | ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ ഓർമ്മ |

**സെപ്റ്റംബർ**

| | |
|---|---|
| 01 തിങ്കൾ | എട്ടുനോമ്പാരംഭം |